ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 06.08.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. **രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഫിജിയിലെത്തിയ രാഷ്ട്രപതി ദ്രൗപദി മുർമു ഫിജിയൻ പ്രസിഡന്റ്, പ്രധാനമന്ത്രി എന്നിവരുമായി ഉഭയകക്ഷി ചർച്ച നടത്തും.**

   **President Draupadi Murmu, who is on a two-day visit to Fiji, will hold bilateral meetings with President and Prime Minister of Fiji.**

2. **ബംഗ്ലാദേശ് പാർലമെന്റ് പിരിച്ചുവിട്ട് ഇടക്കാല സർക്കാർ രൂപീകരിക്കുമെന്ന് പ്രസിഡന്റ് മുഹമ്മദ് ഷഹാബുദ്ദീൻ. അതിർത്തിയിലെ സ്ഥിതിഗതികൾ സസൂക്ഷ്മം നിരീക്ഷിച്ച് ഇന്ത്യ.**

   **Bangladesh president said that an interim government will be formed after dissolving the parliament. India is closely monitoring the situation on border.**

3. **സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുമെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.**

   **Union Agriculture Minister Shivraj Singh Chauhan said that farmers' problems will be solved with the cooperation of state governments.**

4. **ജമ്മു കശ്മീരിലെയും ലഡാക്കിലെയും ജനങ്ങൾക്കായി പ്രവർത്തിക്കുന്നത് തുടരുമെന്നും അവരുടെ ഭാവി പ്രതീക്ഷകൾ നിറവേറ്റുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി.**

   **Prime Minister Narendra Modi said that the government will continue to work for the people of Jammu and Kashmir and Ladakh and fulfill their aspirations.**

5. **വയനാട് ഉരുൾപൊട്ടലിൽ മരണപ്പെട്ടവരെ കണ്ടെത്താൻ വിദഗ്ധ സംഘത്തിന്റെ സഹായത്തോടെ തെരച്ചിൽ ഊർജ്ജിതമാക്കുമെന്ന് മന്ത്രി കെ. രാജൻ.**

**Minister K. Rajan said that the search operations will be intensified with the help of an expert team to find those who died in the Wayanad landslide.**

6. **പാരീസ് ഒളിമ്പിക്സിൽ ഹോക്കി, അത് ലറ്റിക്സ്, ടേബിൾ ടെന്നീസ്, ഗുസ്തി എന്നീ ഇനങ്ങളിൽ ഇന്ത്യൻ സംഘം ഇന്ന് കളത്തിലിറങ്ങും.**

**In Paris Olympics Indian team will be in action in hockey, athletics, table tennis and wrestling today.**

========================================

## PREZ- VISIT

ഫിജിയൻ പ്രസിഡന്റ് രാതു വില്യം മായ് വലിലി കറ്റോണിവേറെ, ഫിജി പ്രധാനമന്ത്രി സിറ്റിവേനി റംബൂക്ക എന്നിവരുമായി രാഷ്ട്രപതി ദ്രൗപദി മുർമു ഉഭയകക്ഷി ചര്ച്ച നടത്തും. ഫിജിയൻ പാർലമെന്റിനെ ഇന്ന് രാവിലെ ശ്രീമതി മുർമു അഭിസംബോധന ചെയ്തു. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഫിജിയിലെത്തിയ രാഷ്ട്രപതിക്ക് ഫിജി പ്രധാനമന്ത്രി ഊഷ്മള വരവേൽപ്പ് നൽകി. ഫിജി സൈന്യം രാഷ്ട്രപതിക്ക് ആചാരപരമായ ഗാർഡ് ഓഫ് ഓണർ നൽകി ആദരിച്ചു. തുടർന്ന് ന്യൂസിലാൻഡിലെത്തുന്ന രാഷ്ട്രപതി വെല്ലിംഗ്ടണിൽ അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനത്തെ അഭിസംബോധന ചെയ്യും. ഓക് ലൻഡിൽ ഇന്ത്യൻ സമൂഹവുമായി രാഷ്ട്രപതി സംവദിക്കും. ത്രിരാഷ്ട്ര സന്ദർശനത്തിന്റെ അവസാന പാദത്തിൽ തിമോർ ലെസ്റ്റെയിൽ എത്തുന്ന ശ്രീമതി ദ്രൗപദി മുർമു ഇന്ത്യൻ സമൂഹവുമായി ആശയവിനിമയം നടത്തും.

========================================

## PM BENGLADESH – (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ഇന്നലെ രാത്രി ന്യൂ ഡൽഹിയിൽ ചേർന്ന ഉന്നത തലയോഗം ബംഗ്ലാദേശിലെ സ്ഥിതിഗതികൾ വിലയിരുത്തി. സുരക്ഷാകാര്യ മന്ത്രിസഭാ സമിതി യോഗത്തിൽ വിദേശകാര്യ മന്ത്രി ഡോ എസ് ജയ്ശങ്കർ, ആഭ്യന്തര മന്ത്രി അമിത് ഷാ, രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ്, ധനമന്ത്രി നിർമല സീതാരാമൻ, തുടങ്ങിയവർ പങ്കെടുത്തു.

**വിശദാംശങ്ങളിലേക്ക്........**

**– (VOICE.....)**

*രാജ്യം വിട്ട ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന ഇന്ത്യയിൽ തുടരുകയാണ്. ബ്രിട്ടണിൽ രാഷ്ട്രീയ അഭയം ലഭിക്കും വരെ ശ്രീമതി ഹസീന ഇന്ത്യയിൽ തുടരുമെന്നാണ് സൂചന. അതിനിടെ ബംഗ്ലാദേശ് പാർലമെന്റ് പിരിച്ചുവിട്ട് ഇടക്കാല സർക്കാർ രൂപീകരിക്കുമെന്ന് പ്രസിഡന്റ് മുഹമ്മദ് ഷഹാബുദ്ദീൻ ധാക്കയിൽ പറഞ്ഞു. ബംഗഭബനിൽ മൂന്ന് സേനാ മേധാവിമാരുടെയും സാന്നിധ്യത്തിൽ വിവിധ രാഷ്ട്രീയ കക്ഷി നേതാക്കളുമായും പൊതു സമൂഹ പ്രതിനിധികളുമായും നടത്തിയ കൂടിക്കാഴ്ചയിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. അരാജകത്വം അവസാനിപ്പിക്കാൻ സൈന്യം നടപടി സ്വീകരിക്കുമെന്നും ബംഗ്ലാദേശ് പ്രസിഡന്റ് പറഞ്ഞു. ഒട്ടേറെ കേസുകളിൽ ശിക്ഷിക്കപ്പെട്ട് വീട്ടുതടങ്കലിൽ കഴിയുന്ന ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി ചെയർപേഴ്സണും മുൻ പ്രധാനമന്ത്രിയുമായ ഖാലിദ സിയയെ മോചിപ്പിക്കാനും യോഗം തീരുമാനിച്ചു. പ്രതിഷേധത്തിനിടെ അറസ്റ്റിലായ എല്ലാ വിദ്യാർത്ഥികളെയും വിട്ടയക്കാനും ഉത്തരവിട്ടിട്ടുണ്ട്. സർക്കാർ, അർദ്ധ സർക്കാർ ഓഫീസുകളും സ്വകാര്യ സ്ഥാപനങ്ങളും ഫാക്ടറികളും സ്കൂളുകളും കോളേജുകളും മദ്രസകളും സർവ്വകലാശാലകളും ഇന്ന് തുറക്കുമെന്ന്*

*സൈന്യത്തിന്റെ മാധ്യമവിഭാഗം അറിയിച്ചു. കലാപത്തിൽ ഇതുവരെ നൂറിലേറെ പേർ മരിച്ചതായാണ് റിപ്പോർട്ട്.*

*ന്യൂസ് ഡെസ്ക്, ആകാശവാണി.....*

========================================

## BENGLADESH- UN

പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയുടെ രാജിയുടെ പശ്ചാത്തലത്തിൽ സമാധാനപരമായ ജനാധിപത്യ പരിവർത്തനത്തിനായി ബംഗ്ലാദേശ് സൈന്യവും രാഷ്ട്രീയ കക്ഷികളും ഒരുമിച്ച് പ്രവർത്തിക്കണമെന്ന് യു.എൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്. ബംഗ്ലാദേശിലെ ജനങ്ങൾക്ക് പൂർണ്ണ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതായി അദ്ദേഹം അറിയിച്ചു. ഹസീനയുടെ രാജിയും ഇടക്കാല സർക്കാരിനായുള്ള കരസേനാ മേധാവിയുടെ പദ്ധതികളും ഉൾപ്പെടെ രാജ്യത്തെ സംഭവവികാസങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചുവരുന്നതായും ഗുട്ടെറസ് വ്യക്തമാക്കി.

========================================

## BANGLADESH, BORDER

ഇന്ത്യ ബംഗ്ലാദേശ് അതിർത്തിയിലെ സ്ഥിതിഗതികൾ സസൂക്ഷ്മം നിരീക്ഷിച്ച് ഇന്ത്യ. അതിർത്തിയിലെ സ്ഥിതിഗതികൾ സാധാരണനിലയിലാണെന്ന് ബി.എസ്.എഫ് ഡയറക്ടർ ജനറൽ അറിയിച്ചു. ബംഗ്ലാദേശിലെ സാഹചര്യം കണക്കിലെടുത്ത് അതിർത്തിയിൽ സൈനികർ ജാഗ്രത പുലർത്തുന്നുണ്ടെന്നും സൈനിക വൃത്തങ്ങൾ അറിയിച്ചു.

========================================

## SIVRAJ RAJYASABHA

സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുമെന്ന് കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. കൃഷി മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് രാജ്യസഭയിൽ നടന്ന ചർച്ചയ്ക്ക് മറുപടി

പറയുകയായിരുന്നു അദ്ദേഹം. കർഷക സംഘടനകളുമായി മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുമെന്നും കൃഷി മന്ത്രി വ്യക്തമാക്കി. 68,000 കോടി രൂപയുടെ എണ്ണക്കുരു ദൗത്യം ആരംഭിച്ചതായും 1.3 ലക്ഷം ഹെക്ടറിലേക്ക് ജലസേചനം വ്യാപിപ്പിച്ചതായും ശ്രീ ചൗഹാൻ പറഞ്ഞു. ചെറുകിട കർഷകരെ ശാക്തീകരിക്കുന്നതിനായി പ്രധാൻ മന്ത്രി കിസാൻ സമ്മാൻ നിധിക്ക് കീഴിൽ പ്രതിവർഷം 6,000 രൂപ സഹായമായി കർഷകർക്ക് നൽകി വരുന്ന കാര്യവും ശ്രീ ശിവരാജ് സിംഗ് ചൗഹാൻ സൂചിപ്പിച്ചു.

==========================================

# RS-LPG

രാജ്യത്ത് എൽപിജി റീഫില്ലുകളുടെ വിതരണം ഉറപ്പാക്കാനും പുതിയ കണക്ഷനുകൾക്കുമായി 50 കോടിയിലധികം സിലിണ്ടറുകൾ ലഭ്യമാണെന്ന് കേന്ദ്ര പെട്രോളിയം – പ്രകൃതി വാതക സഹമന്ത്രി സുരേഷ് ഗോപി. പാചകവാതക വില അന്താരാഷ്ട്ര വിപണിയിലെ വിലയുമായി ബന്ധപ്പെട്ടിരിക്കുക യാണെന്നും അദ്ദേഹം രാജ്യസഭയിൽ എഴുതി നൽകിയ മറുപടിയിൽ പറഞ്ഞു.

==========================================

# ARTICLES 370

ജമ്മു കശ്മീരിലെയും ലഡാക്കിലെയും ജനങ്ങൾക്കായി പ്രവർത്തിക്കുന്നത് തുടരുമെന്നും അവരുടെ ഭാവി പ്രതീക്ഷകൾ നിറവേറ്റുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. ഭരണഘടനയുടെ 370-ാം അനുച്ഛേദം റദ്ദാക്കാൻ പാർലമെന്റ് തീരുമാനിച്ച ഓഗസ്റ്റ് 5 രാജ്യ ചരിത്രത്തിലെ നിർണ്ണായക നിമിഷങ്ങളിലൊ ന്നാണെന്ന് ശ്രീ മോദി വ്യക്തമാക്കി. ജമ്മു കശ്മീരിലും ലഡാക്കിലും പുരോഗതിയുടെയും സമൃദ്ധിയുടെയും പുതു യുഗത്തിന് തുടക്കമായി. വനിതകൾ, യുവാക്കൾ, പിന്നാക്കക്കാർ,

ഗോത്രവിഭാഗക്കാർ, പാർശ്വവൽക്കരിക്കപ്പെട്ടവർ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും സുരക്ഷയും അന്തസ്സും ഉറപ്പാക്കാനായി. ജമ്മു കശ്മീരിനെ ദശാബ്ദങ്ങളായി ബാധിച്ചിരുന്ന അഴിമതി തടയാൻ സാധിച്ചിട്ടുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

=======================================

## TARANG SHAKTI 2024

ബഹുരാഷ്ട്ര വ്യോമാഭ്യാസമായ **'തരംഗ് ശക്തി 2024'** ന് ഇന്ത്യ ആതിഥേയത്വം വഹിക്കും. തമിഴ്നാട്ടിലെ സുലാറിൽ ഇന്ന് ആരംഭിക്കുന്ന വ്യോമാഭ്യാസത്തിൽ 30 രാജ്യങ്ങൾ പങ്കെടുക്കും. പത്ത് രാജ്യങ്ങളുടെ യുദ്ധവിമാനങ്ങൾ അഭ്യാസത്തിൽ പങ്ക് ചേരും. ഇന്ത്യയുടെ പ്രതിരോധ ശേഷി പ്രദർശിപ്പിക്കാനും പരസ്പര പ്രവർത്തനക്ഷമത വളർത്തുന്നതിനും രണ്ട് ഘട്ടങ്ങളായി നടക്കുന്ന അഭ്യാസം ലക്ഷ്യമിടുന്നു. ഇന്ത്യ തദ്ദേശീയമായി നിർമ്മിച്ച യുദ്ധവിമാനങ്ങളും ഉപകരണങ്ങളും പ്രദർശിപ്പിക്കും. തേജസ്, റഫാൽ, മിറാഷ് 2000, ജാഗ്വാർ, മിഗ് 29 തുടങ്ങിയ ഇന്ത്യയുടെ യുദ്ധവിമാനങ്ങൾ അഭ്യാസത്തിൽ പങ്കെടുക്കും.

=======================================

## WAYANAD - LANDSLIDE

ഉരുൾപൊട്ടൽ വൻ നാശം വിതച്ച വയനാട് അതിജീവനത്തിന്റെ പാതയിൽ. മുണ്ടക്കൈ, ചൂരൽമല പ്രദേശത്ത് ദുരിതബാധിതരുടെ പുനരധിവാസം ഉറപ്പാക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗം ചർച്ച ചെയ്തു. പുനരധിവാസത്തിനായി സമഗ്ര പാക്കേജ് അനുവദിക്കുമെന്ന് ധനമന്ത്രി കെ.എൻ ബാലഗോപാൽ പറഞ്ഞു. വയനാട്ടിലെ ദുരന്തബാധിത മേഖലയിലെ കുട്ടികളുടെ തുടർ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് മന്ത്രി വി ശിവൻകുട്ടി ഇന്ന്

വയനാട് സന്ദർശിക്കും. ഇത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും, തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികളും സ്കൂൾ അധികൃതരും പി.ടി.എ പ്രതിനിധികളും പങ്കെടുക്കുന്ന യോഗം ഇന്ന് കൽപ്പറ്റയിൽ നടക്കും. അതേസമയം, തിരിച്ചറിയാത്ത 31 മൃതദേഹങ്ങളും 158 ശരീരഭാഗങ്ങളും പുത്തുമലയിൽ ഇന്നലെ സംസ്കരിച്ചു.

==========================================

## K RAJAN – WAYANAD

വയനാട്ടിൽ ഇന്ന് മീൻമുട്ടി, പോത്തുകൽ എന്നിവിടങ്ങളിൽ വനമേഖലകളിൽ ഡോഗ് സ്ക്വാഡിന്റെ സഹായത്തോടെയും കൂടുതൽ കഡാവർ ഡോഗുകളെ എത്തിച്ചും വിദഗ്ധ സംഘത്തിന്റെ സഹായത്തോടെ തെരച്ചിൽ നടത്തുമെന്ന് മന്ത്രി കെ. രാജൻ. ചാലിയാറിൽ കൂടുതൽ ആഴത്തിൽ പരിശോധന നടത്തുമെന്നും മന്ത്രി അറിയിച്ചു. അതിനിടെ വയനാട് ചൂരൽമല, മുണ്ടക്കൈ ഉരുൾപൊട്ടലിൽ മരണപ്പെട്ടവരെ കണ്ടെത്താൻ ഇന്നലെയും തിച്ചിൽ തുടർന്നു. വാണിയമ്പുഴയിൽ നിന്ന് രണ്ട് ശരീര ഭാഗങ്ങൾ ലഭിച്ചു.

==========================================

## PARIS OLYMPICS (INTRO)

പാരിസ് ഒളിമ്പിക്സിൽ ഇന്നലെ ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെന്നിന് നാലാം സ്ഥാനം കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. ഇന്ന് ഹോക്കി, അത്-ലറ്റിക്സ്, ടേബിൾ ടെന്നിസ്, ഗുസ്തി ഇനങ്ങളിൽ ഇന്ത്യൻ സംഘം കളത്തിലിറങ്ങും. ഇതുവരെ ഇന്ത്യയ്ക്ക് മൂന്ന് മെഡലുകളാണ് ലഭിച്ചത്. 21 സ്വർണ്ണവും 18 വെള്ളിയും 14 വെങ്കലവുമാണ് ചൈന നേടിയത്. 20 സ്വർണ്ണവും 30 വെള്ളിയും 28 വെങ്കലുമാണ് അമേരിക്ക സ്വന്തമാക്കിയത്.

**ഒളിമ്പിക്സ് വിശേഷങ്ങളുമായി പാരീസിൽ നിന്ന് ആകാശവാണിക്ക് വേണ്ടി വി.ശിവകുമാർ.....**

**(HOLD FOR VOICE……)**

=======================================

## PARIS OLYMPICS SCHEDULE

പാരിസ് ഒളിമ്പിക്സിൽ പുരുഷന്മാരുടെ ജാവലിൻ ത്രോയിൽ നീരജ് ചോപ്ര ഇന്ന് മത്സരിക്കും. ക്വാളിഫിക്കേഷൻ ഗ്രൂപ്പ് ബി-യിലാണ് നീരജ് മത്സരിക്കുന്നത്. ഗ്രൂപ്പ് എ യിൽ ഇതേ ഇനത്തിൽ കിഷോർ കുമാറും മത്സര രംഗത്തുണ്ട്. വനിതകളുടെ 400 മീറ്റർ ഓട്ടത്തിൽ കിരൺ പാഹൽ രണ്ടാം ഊഴത്തിനായി ഇറങ്ങും.

=======================================

## UP- FOOD POISONING

ഉത്തർപ്രദേശിൽ 80 വിദ്യാർത്ഥികൾക്ക് ഭക്ഷ്യവിഷബാധ. പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായ ആശ്രം മെതേഡ് ഇന്റർ കോളേജിലാണ് ഞായറാഴ്ച രാത്രി അത്താഴത്തിലൂടെ ഭക്ഷ്യവിഷബാധയേറ്റത്. വിദ്യാർത്ഥികളുടെ ആരോഗ്യനില തൃപ്തികരമാണെന്നും സംഭവത്തിൽ അന്വേഷണം പ്രഖ്യാപിച്ചതായും അധികൃതർ അറിയിച്ചു.

=======================================

## ASSAM-FLOODS

അസമിൽ ഇന്നലെയുണ്ടായ ശക്തമായ മഴ ജനജീവിതത്തെ സാരമായി ബാധിച്ചു. ഗുവാഹട്ടിയിൽ പലയിടത്തും വെള്ളക്കെട്ടുണ്ടായി. വാഹന ഗതാഗതത്തെയും മഴ സാരമായി ബാധിച്ചു. കനത്ത മഴയുടെ പശ്ചാത്തലത്തിൽ അസമിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധി പ്രഖ്യാപിച്ചു.

===============================================

==============================